കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം17/2037/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 25-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.17/2037/2017 തിയ്യതി: 25-10-2017

## മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-12-2016 മുതൽ 20-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 21-08-2017 മുതൽ 31-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ .ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൽ റഷീദ് എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.കുമാരൻ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ജയശങ്കർ എ | 01.04.2016 മുതൽ 21.03.2017 വരെ |
| ശ്രീ.ശ്രീനിവാസൻ എം (സെക്രട്ടറി ഇൻ ചാർജ്) | 22.03.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മിനി കെ കെ | 01.04.2016 മുതൽ 15.02.2017 വരെ |
| | ശ്രീ.ശ്രീനിവാസൻ എം | 16.02.2017 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി.സിനു.എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഹാഷിം | 01.04.2016 മുതൽ 16.11.2016 വരെ |
| | ശ്രീ. ശിവകുമാർ | 17.11.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബിജു സി | 01.04.2016 മുതൽ 01.11.2016 വരെ |
| | ശ്രീ. മിനി സി | 02.11.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.വിവേക് | 01.04.2016 മുതൽ 26.11.2016 വരെ |
| | ഡോ.ജലജ എം പി | 27.11.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റംല ബീഗം | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഹമീദ് യു എം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മൻസൂർ അലി | 01.04.2016 മുതൽ 21.08.2016 വരെ |
| | ഡോ.നഷീദ് പി.ഒ | 22.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് പിരിവിലെ അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 | |
| 14 | ഡി & ഒ ലൈസൻസ് എടുക്കാത്ത അനധികൃത വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 | |
| 15 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല | 2-4 | |
| 16 | വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി പുനർ നിർണയിച്ച് ഡിമാന്റ് ചെയത് ഈടാക്കുന്നില്ല | 2-5 | |
| 17 | ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകത | 2-6 | |
| 18 | മൊബൈൽ ടവറ്- വസ്തു നികുതി ഈടാക്കുന്നില്ല | 2-7 | |
| 19 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു | 2-8 | |
| 20 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല | 2-9 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 21 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 2.44 കോടി രൂപ കാലഹരണപ്പെട്ടു | 3-1 | |
| 22 | മോട്ടോർ സൈക്കിളിന് ട്രിപ്പ് ഷീറ്റ് ഉണ്ടാക്കി വാഹന വാടകയിനത്തിൽ ചെലവ്- 34,500 രൂപ തിരിച്ചടവാക്കേണ്ടതാണ് | 3-2 | |
| 23 | ഭവന നിർമ്മാണത്തിന് അർഹതയിലും അധികം ധനസഹായം നൽകിയത് | 3-3 | |
| 24 | വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു | 3-4 | |
| 25 | നടപ്പാതകളിൽ സിമന്റ് കോൺക്രീറ്റിംഗ് കനം കൂട്ടി ചെയ്തതു കാരണം അധിക ചെലവ് ഉണ്ടായി - 11254 രൂപ അനുവദിക്കുന്നില്ല. | 3-5 | |
| 26 | ഭിന്നശേഷിയുള്ളവരുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ്- ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവു തടസ്സം ചെയ്യുന്നു | 3-6 | |
| 27 | പകർച്ച വ്യാധി നിയന്ത്രണം-രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു | 3-7 | |
| 28 | ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങിയത് സ്റ്റോക്ക് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു | 3-8 | |
| 29 | പാലിയേറ്റീവ് കെയർ പ്രൊജക്ട്- രേഖകൾ | 3-9 | |

| | | | |
|---|---|---|---|
| | ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു | | |
| 30 | എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 1,00,000 രൂപ തടസ്സം ചെയ്യുന്നു. | 3-10 | |
| 31 | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-11 | |
| 32 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല. ഓഡിറ്റ് ഓഫീസർ സംസ്ഥാന ഓഡിറ്റ് വകുപ്പ് പകർപ്പ് സെക്രട്ടറി, തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് | 3-12 | |
| 33 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭിച്ചില്ല- ചെലവു തുക തടസ്സം ചെയ്യുന്നു | 3-13 | |
| 34 | ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 3-14 | |
| 35 | സെക്യൂരിറ്റി നിക്ഷേപങ്ങൾ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ തന്നെ വച്ചിരിക്കുന്നത് ക്രമപ്രകാരമല്ല | 3-15 | |
| 36 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവർത്തികൾക്ക് സപ്ലയറിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല – ഈടാക്കിയ മൂല്യ വർദ്ധിത നികുതി വാണിജ്യ വകുപ്പിലേക്ക് അടവാക്കിയില്ല | 3-16 | |
| 37 | ടി.എസ്.പി ഫണ്ട് തിരിച്ചടവാക്കൽ - ചലാൻ ഹാജരാക്കിയിട്ടില്ല | 3-17 | |
| 38 | ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല | 3-18 | |
| 39 | കുടിവെള്ള പദ്ധതി - വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ നൽകിയത് സംബന്ധിച്ച് | 3-19 | |
| 40 | കാർഷിക മേഖലയിലെ ഫലപ്രദമല്ലാത്ത പദ്ധതി നിർവ്വഹണം | 3-20 | |
| 41 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-21 | |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 42 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 45 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |

| | | | |
|---|---|---|---|
| 52 | Audit Certificate | 2 | |
| 53 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 54 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 55 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 02-03-2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓൺലൈനായി ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 31/07/2017 | 30/06/2017 | 30/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 21-08-2017 മുതൽ 22-08-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. തൊഴിൽ നികുതി (Employees) വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് പ്രകാരം (RP-1) | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|
| 1151340 | 1106980 | 44360 |

4. തൊഴിൽ നികുതി (Traders) വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് പ്രകാരം ( RP-36) | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|
| 2,95,130 | 236810 | 58320 |

5.D&O Licence Fee വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|
| 99350 | 98450 | 900 |

6.വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഓരോ വർഷാവസാനവും വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി, സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7. വാടക കുടിശ്ശിക ഇനത്തിൽ 2015-16 വർഷത്തിൽ 71,039 പിരിഞ്ഞു കിട്ടാനുണ്ട്. 2016-17 വർഷത്തിൽ ഈയിനത്തിൽ 63600 രൂപ വരവ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ബാലൻസ് കാണിച്ചിട്ടില്ല.

8.Excess of income over expenditure – 2015-16 ലെ നീക്കിയിരിപ്പ് 2016-17 ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| 2015-16 (CB) | 2016-17 (OB) |
|---|---|
| 671954.37 | 7194016.37 |

9.സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

10. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

11. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 16337രൂപ വരവുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ( B14 – 10074 രൂപ)

13.മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

14. ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

15. പെർമിറ്റ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

16. ലേല രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

17. MNREGS ചെലവ് തുക Schedule 1-6, Schedule 1-14(a) എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

| Schedule 1-6 | Schedule 1-14(a) | വ്യത്യാസം |
|---|---|---|
| 1,56,69,284 | 1,56,14,484 | 54800 |

18.Schedule 1-9 (Other Income) ൽ (-) ഫിഗർ ഉൾപ്പെട്ടിട്ടുണ്ട്. (Lapsed deposit-Retention – -18,275)

19. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37,00,616.71 |
| വരവ് | 4,45,40,890 |
| ആകെ | 4,82,41,506.71 |
| ചെലവ് | 3,74,47,774 |
| നീക്കിയിരിപ്പ് | 1,07,93,732.71 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 6,41,56,756 | 108 | 2,78,44,253 | 14 | 89 | 60% |

നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | (എണ്ണം) | (എണ്ണം) | ശതമാനം |
| കൃഷി ഓഫീസർ | 8 | 27,69,648 | 7 | 15,97,609 | 2 | 1 | 57 |
| വെറ്ററിനറി സർജൻ | 7 | 15,27,956 | 7 | 9,21,258 | 3 | 0 | 60 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 5 | 11,75,000 | 5 | 10,95,603 | 0 | 0 | 93 |
| വി.ഇ.ഒ | 18 | 2,14,34,200 | 12 | 88,50,100 | 5 | 6 | 41 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 56,85,200 | 6 | 45,36,747 | 2 | 0 | 79 |
| സെക്രട്ടറി | 16 | 25,98,969 | 8 | 18,00,836 | 0 | 8 | 69 |
| പ്രധാനാധ്യാപകൻ | 5 | 13,00,000 | 5 | 10,81,000 | 0 | 0 | 83 |
| അസി.എഞ്ചിനീയർ | 114 | 2,37,87,317 | 45 | 56,05,903 | 0 | 69 | 23 |
| അസി. സെക്രട്ടറി | 17 | 37,78,466 | 13 | 22,55,197 | 2 | 4 | 59 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 45 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|---|
| നികുതി വരവുകൾ (ഇനം തിരിച്ച്) | | | | | |
| | വസ്തു നികുതി | 27,75,329 | 55,80,069 | | |
| | സേവന നികുതി | 0 | 0 | | |
| തൊഴിൽ നികുതി | കച്ചവട/സ്ഥാപനങ്ങളുടെ/ ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതി | 2,24,630 | 2,94,360 | | |
| | ജീവനക്കാരുടെ തൊഴിൽ നികുതി | 9,37,720 | 11,51,340 | | |
| | വിനോദ നികുതി | 0 | 6000 | | |
| | പരസ്യ നികുതി | 0 | 0 | | |
| | | 39,37,679 | 70,31,769 | 30,94,090 | +79% |
| നികുതിയേതര വരവുകൾ (ഇനം തിരിച്ച്) | | | | | |
| | ലൈസൻസ് (ഡി ആന്റ് ഒ) | 47,480 | 99,350 | | |

| | | | | | |
|---|---|---|---|---|---|
| | മാർക്കറ്റ് ബസ്സ്റ്റാന്റ് | 0 | 1700 | | |
| കെ പി ബി ആർ | പെർമിറ്റ് ഫീ | 1,30,611 | 1,51,966 | | |
| | റഗുറലൈസേഷൻ ഫീ | 1,60,780 | 1,79,288 | | |
| | അപേക്ഷാ ഫീ | 6,555 | 9320 | | |
| | വിവാഹം | 47,600 | 49,490 | | |
| | ജനന – മരണം | 60 | 60 | | |
| | വാടക | 84,300 | 84300 | | |
| | ലേലം | 0 | 0 | | |
| | | 4,77,386 | 7,27,440 | 2,50,054 | +52% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | | |
| | പാരാ മെഡിക്കൽ രജിസ്ട്രേഷൻ | 0 | 350 | | |
| | ട്യൂട്ടോറിയൽ രജിസ്ട്രേഷൻ | 0 | 0 | | |
| | റിക്കവറി | 0 | 4300 | | |
| | ലൈബ്രറി | 0 | 0 | | |
| | പോസ്റ്റ് | 3050 | 0 | | |
| | പലിശ (സ്ഥിര നിക്ഷേപം) | 7,49,560 | 0 | | |
| | പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 93,638 | 75,249 | | |
| | വിൽപ്പന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | 1,57,363 | 1,30,245 | | |
| | പലവക | 71,110 | 20 | | |
| | | 10,74,721 | 2,10,164 | 8,64,557 | (80%) |
| | ആകെ | 54,89,786 | 79,69,373 | 24,79,587 | 45 % |

കുറിപ്പ് :

1. മുൻ വാർഷിക ധനകാര്യപത്രിക(പരിഷ്കരിച്ചത്) പ്രകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്.
2. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകകൾ അതേ ശീർഷകത്തിൽ അടവാക്കിയിട്ടില്ല
3.വാടക ഇനത്തിൽ യഥാർത്ഥത്തിലുള്ള തുക 84300 (രജിസ്റ്റർ പ്രകാരം) രൂപയാണ്. എന്നാൽ 2016-17 വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത് 147,900 രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 48000 | 31 |
| കർഷക തൊഴിലാളി വേതനം | 2653980 | 325 |
| വിധവാ പെൻഷൻ | 13348410 | 1653 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 11647865 | 1756 |
| വികലാംഗ പെൻഷൻ | 2743895 | 353 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 610,000 | 24 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 358200 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43464/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1 മാസ്റ്റർ ഇംക്യംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യംബൻസി (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങളും കൂടി ഉൾപ്പെടുത്തി) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻക്യംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2.ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ

സ.ഉ(സാ.ധാ) നം.2465/2016/ തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

3. Permanent Advance / Imprest തുക ക്യാഷ് ചെസ്റ്റിൽ ലഭ്യമല്ല

കാഷ് വെരിഫിക്കേഷൻ സമയത്ത്, പഞ്ചായത്തിന്റെ കാഷ് ചെസ്റ്റിൽ സ്ഥിരം മുൻകൂറായി സൂക്ഷിക്കുന്ന 200 രൂപ ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ ബാക്കി പത്രത്തിൽ (B-18) 200 രൂപ കാണിച്ചിട്ടുമുണ്ട്. ഭൗതിക പരിശോധന കൂടാതെ ടി തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയ അക്കൗണ്ട്സ് ഓഫീസറിൽ നിന്ന് തുക ഈടാക്കി സ്ഥിരം മുൻകൂർ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.06.2017 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-12-10 മുതൽ 01-01-11 വരെ | 2004-05 മുതൽ 2009-10 വരെ | 07-02-11 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് പിരിവിലെ അപാകതകൾ

1- അപേക്ഷകൾ അപൂർണ്ണം

ഡി &ഒ ലൈസൻസ് ഫീസ് പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും വിറ്റുവരവോ/എച്ച് പി യുടെ അളവോ രേഖപ്പെടുത്തുന്നില്ല. വിറ്റുവരവ്/എച്ച് പി കൂടാതെ അപേക്ഷ സമർപ്പിച്ചത് സ്വീകരിക്കുകയും ലൈസൻസ് പുതുക്കി

നൽകുകയും ചെയ്തിട്ടുണ്ട്. വിറ്റുവരവോ എച്ച് പി യുടെ അളവോ ഇല്ലാത്തതിനാൽ ലൈസൻസ് ഫീസ് നിർണ്ണയത്തിലെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല .ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടയുടെ പേര് | ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | ആവശ്യം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | ജോസ് ഫർണ്ണിച്ചർ | 4 | സ്റ്റീൽ ഫർണിച്ചർ കച്ചവടം | 200 |
| 2 | പി കെ ഇലക്ട്രിക് & ഹാർഡ്‌വെയേസ് | 22 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിൽപ്പന | 300 |
| 3 | സി പി സ്റ്റോർ | 26 | പലചരക്ക് | 200 |
| 4 | ലഭ്യമല്ല (അപേക്ഷയിൽ ഇല്ല) | 27 | പലചരക്ക് | 200 |
| 5 | വി കെ ട്രേഡിംഗ് | 99 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിൽപ്പന | 200 |
| 6 | അൽ ഹലാൽ, ഏജൻസി | 105 | ഈത്തപ്പഴം വിൽപ്പന | 50 |
| 7 | ഫോക്കസ് സെക്യൂരിറ്റി സിസ്റ്റം | 107 | സിസിടിവി- വിൽപ്പന | 200 |
| 8 | ക്യാപിറ്റൽ ഫർണിച്ചർ | 183 | ഫർണ്ണിച്ചർ | 300 |

വിറ്റു വരവോ, എച്ച് പി യുടെ അളവോ ഇല്ലാതെ ലൈസൻസ് നിരക്ക് നിർണയിച്ചത് ക്രമപ്രകാരമല്ല. തുടർനടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. (ഓ.എൻക്വയറി 9/29.08.2017)

2 ഡി ആന്റ് ഒ രജിസ്റ്റർ സൂക്ഷിപ്പിലെ/അപേക്ഷ സംബന്ധിച്ച അപാകതകൾ

1. രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല

2. പുതിയ അപേക്ഷയും പുതുക്കാനുള്ള അപേക്ഷയും തമ്മിൽ തിരിച്ചറിയാൻ സാധിക്കുന്നില്ല

3. വിറ്റുവരവോ / എച്ച് പിയുടെ അളവോ രേഖപ്പെടുത്താത്ത അപേക്ഷകൾ സ്വീകരിക്കുന്നു

4. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല

5. അപേക്ഷകളിൽ ഒട്ടിച്ച സ്റ്റാമ്പുകൾ ഉപയോഗശൂന്യമാക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് രജിസ്റ്റർ/അപേക്ഷാ യഥാക്രമം സൂക്ഷിക്കുമെന്ന് മറുപടി ലഭ്യമാക്കി.(ഓ.എൻക്വയറി 9/29.08.2017)

3. റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.
തുടർനടപടി സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി.(ഓ.എൻക്വയറി 9/29.08.2017)

4. ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | | ആകെ |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയം പാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ | |
| 30 | 6 | 333 | - | 339 | 369 |

2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തവരുടെ ആകെ എണ്ണം - 339

ഗ്രാമ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം കുറവാണ്. 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 98 %വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്യു ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതു മൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം

ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.
വരുംവർഷത്തിൽ നിശ്ചിത സമയത്ത് തന്നെ ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.(ഓ.എൻക്വയറി 9/29.08.2017)

5 ഡി ആന്റ് ഒ രജിസ്റ്ററിലെ സംഗ്രഹവും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | | ബാലൻസ് |
|---|---|---|---|---|
| | | അഡ്വാൻസ് | തൻവർഷം | |
| വാർഷിക ധന.പത്രിക | 99,350 | 1020 | 99350 | 0 |
| ഡി ആന്റ് ഒ രജിസ്റ്റർ | 98,450 | 98,450 | | 0 |

അപാകതകക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓ.എൻക്വയറി 9/29.08.2017)

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല.
സ്ഥാപന രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. (ഓ.എൻക്വയറി 2/29.08.2017)

2.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2016-17 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | അപേക്ഷ പ്രകാരമുള്ള ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 2 | ഏലൻ ബോട്ടിക്യൂ | 3 |
| 2 | 3 | ആലിങ്ങൽ പെട്രോൾ പമ്പ് | 4 |
| 3 | 5 | റിസ ഹോംകെയർ ഫുഡ് പ്രോഡക്ട്സ് | 3 |
| 4 | 7 | എ ആർ ഇൻഡസ്ട്രീസ് | 3 |
| 5 | 10 | ആലിങ്ങൽ സ്റ്റോർ | 3 |
| 6 | 13 | എച്ച് എസ് മോട്ടോഴ്സ് | 3 |

| | | | |
|---|---|---|---|
| 7 | 17 | കാരത്തൂർ ട്രേഡിംഗ് കമ്പനി | 3 |
| 8 | 23 | കുളത്ത് സൂപ്പർമാർക്കറ്റ് | 4 |
| 9 | 24 | കുളത്ത് മിൽസ് | 4 |
| 10 | 34 | സ്നേഹശ്രീ ഭവൻ വെജിറ്റേറിയൻ റെസ്റ്റോറന്റ് | 5 |
| 11 | 35 | ഹോം സെന്റർ | 3 |
| 12 | 40 | ബിസ്മി ട്രേഡിംഗ് കമ്പനി | 6 |
| 13 | 46 | TAZA ഓയിൽ ആന്റ് ഫ്ലവർ മിൽ | 4 |
| 14 | 47 | ഹാജി മുഹമ്മദ് അലി സൺസ് (പെട്രോൾ പമ്പ്) | 7 |
| 15 | 50 | അൽ മദീന ജ്വല്ലറി | 3 |
| 16 | 51 | മിലൻ ഗോൾഡ് ആന്റ് ഡയമണ്ട്സ് | 4 |
| 17 | 52 | ട്രാൻസ് കോൺഡിനെന്റൽ ബിൽഡിംഗ് സൊലൂഷൻസ് | 4 |
| 18 | 56 | എ പി ആർ വുഡ് ഇൻഡസ്ട്രീസ് | 3 |
| 19 | 57 | ബാസിൽ സോഡാ ഫാക്ടറി | 5 |
| 20 | 58 | ഹാരിസൺ ബേബി കെയർ | 4 |
| 21 | 59 | ആയുർവേദ പൂഞ്ചോല ആയുർവേദ മർമ ചികിത്സാലയം | 5 |
| 22 | 64 | ജെല്ലി സ് ഫുഡ് കോർട്ട് | 3 |
| 23 | 65 | ഒജീൻ റെസ്റ്റേറന്റ് | 5 |
| 24 | 79 | ലഭ്യമല്ല (വനസ്പതി, കുക്കിംഗ് ഓയിൽ) | 4 |
| 25 | 81 | ലൗ ലാന്റ് ഹോട്ടൽ 1 | 3 |
| 26 | 82 | ലൗ ലാന്റ് ഹോട്ടൽ 11 | 3 |
| 27 | 90 | ഫെയ്മസ് ബേക്കറി | 3 |
| 28 | 92 | മോട്ടോർ ക്യൂക്ക് | 3 |
| 29 | 153 | കെ വീസ് ബേക്കറി | 3 |
| 30 | 156 | മദർ ഡിപ്പാർട്ട്മെന്റ് സ്റ്റോർ | 8 |
| 31 | 163 | മഹിമ സ്റ്റേഷനറി | 5 |
| 32 | 170 | ഹംഗ്രീ ഹബ് | 4 |
| 33 | 171 | പവിത്രം ന്യൂട്രിമിക്സ് യൂണിറ്റ് | 5 |
| 34 | 195 | കബാബ് റസ്റ്റോറന്റ് | 6 |
| 35 | 245 | കുളത്ത് എന്റർപ്രൈസസ് | 6 |
| 36 | 246 | അമാന വെഡിംഗ് സെന്റർ | 5 |
| 37 | 248 | എ പ കുഞ്ഞിമൂസ് ആന്റ് സൺസ് | 4 |

| | | | |
|---|---|---|---|
| 38 | 284 | ശ്രേയസ്സ് ഫുഡ് പ്രോസസിംഗ് | 5 |
| 39 | 302 | മർഹബ സിൽക്സ് | 4 |
| 40 | 308 | സെയിൻ മാക്സ് അഡ്വർടൈസിംഗ് | 3 |
| 41 | 309 | മർവ | 5 |
| 42 | 336 | ന്യൂ മെട്രോ പെയിന്റ്സ് | 2 |
| 43 | 344 | റഹ്മ ഗോൾഡ് സെന്റർ | 3 |
| 44 | 361 | ലിവ മാർബിൾസ് & ഗ്രാനൈറ്റ്സ് | 3 |
| 45 | 369 | ദോഹ ടെക്നിക്കൽ ഇൻഡസ്ട്രീസ് | 3 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ കൂടി തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. തുടർനടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി.(ഓ.എൻക്വയറി 2/29.08.2017)

3. തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിപ്പിലെ/അപേക്ഷ സംബന്ധിച്ച അപാകതകൾ

1. ട്രേഡേഴ്സിന്റെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

2. വാർഷിക സംക്ഷിപ്തം തയ്യാറാക്കിയത് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

3. തൊഴിൽ നികുതി ഇളവ് അനുവദിച്ച് നൽകിയപ്പോൾ ശാരീരിക അവശതയാണ് (പി.എച്ച്) കാരണമായി നൽകിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ഇളവ് അവകാശപ്പെടുമ്പോൾ അതിനനുസൃതമായി സാക്ഷ്യപത്രം തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിനോടൊപ്പം ചേർത്തുവക്കേണ്ടതാണ്. സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിലധികമോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കിയാൽ അവർക്ക് തൊഴിൽനികുതി ഒഴിവാക്കി നൽകാവുന്നതാണ് (ജി.ഒ(ആർ.ടി) 1366/90/ത.ഭ.വ തിയ്യതി : 27/03/1990). എന്നാൽ ബന്ധപ്പെട്ട സാക്ഷ്യപത്ര പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല

ഉദാ:

| ക്രമ നം. | ജീവനക്കാരന്റെ പേര്(തസ്തിക) | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീ ദിനേശ് ടി.പി (പി ഡി ടീച്ചർ) | ജി യു പി എസ്, ചമ്രവട്ടം |
| 2 | ശ്രീമതി. ബാലാമണി പി.വി (പി ടി എസി എം) | ജി യു പി എസ്, ചമ്രവട്ടം |
| 3 | ശ്രീ മുഹമ്മദ് സമീർ (അക്കൗണ്ടന്റ്) | IQRAH EMHS ചെറിയ പറപ്പൂർ |
| 4 | ശ്രീ.പരീക്കുട്ടി ഇ പി (വി പി എ) | വില്ലേജ് ഓഫീസ്, തൃപ്രങ്ങോട് |

അപാകതകൾ പരിഹരിച്ച് രജിസ്റ്റർ/അപേക്ഷാ യഥാക്രമം സൂക്ഷിക്കുമെന്ന് മറുപടി ലഭ്യമാക്കി. (ഓ.എൻക്വയറി 2/29.08.2017) തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

4.സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | I & II |

മേൽ സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. തുടർനടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി.(ഓ.എൻക്വയറി 2/29.08.2017)

5. 2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

| ക്രമ നം. | ജീവനക്കാരന്റെ പേര്/ തസ്തിക | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീ. സഫീർ.എം<br>(ഹൈസ്കൂൾ അസിസ്റ്റന്റ്) | കുഞ്ഞിമോൻ ഹാജി മെമ്മോറിയൽ ഹൈസ്കൂൾ, ആലത്തിയൂർ | 126,888 | 1000 | 1250 | 250 |
| 2 | ശ്രീ. മുഹമ്മദ് മുസ്തഫ<br>(പ്രിൻസിപ്പൽ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 60,000 | 450 | 600 | 150 |
| 3 | ശ്രീ.അബ്ദുൽ കലാം<br>(ഹെഡ്മാസ്റ്റർ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 48,000 | 300 | 450 | 150 |
| 4 | ശ്രീ.മണികണ്ഠൻ<br>(എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 45,000 | 300 | 450 | 150 |
| 5 | ശ്രീ. ജസീബ് | മലബാർ ഹയർ | 45,000 | 300 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | (എച്ച് എസ് എ) | സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | | | | |
| 6 | ശ്രീമതി. ദേവിക (എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 45,000 | 300 | 450 | 150 |
| 7 | ശ്രീമതി. ഷീബാ മോൾ (എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 45,000 | 300 | 450 | 150 |
| 8 | ശ്രീമതി റീന (എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 46,500 | 300 | 450 | 150 |
| 9 | ശ്രീ.രമീഷ് (എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 46,500 | 300 | 450 | 150 |
| 10 | ശ്രീ. ജ്യോതി (എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 46,500 | 300 | 450 | 150 |
| 11 | ശ്രീ.പരമേശ്വരൻ (എച്ച് എസ് എ) | മലബാർ ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തിയൂർ | 46,500 | 300 | 450 | 150 |
| | | | | | ആകെ | 1750 |

മേൽ ജീവനക്കാരിൽ നിന്ന് കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

തുടർനടപടി സ്വീകരിക്കുമെന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി.(ഓ.എൻക്വയറി 2/29.08.2017)

ഖണ്ഡികയിൽ ചൂണ്ടികാണിച്ച അപാകതകൾ ഭരണ സമിതി ചർച്ച ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ തൊഴിൽ നികുതി പിരിവിൽ നിന്നുള്ള കളക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് എടുക്കാത്ത അനധികൃത വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 2846 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 2126 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 314 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 40 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 328 |
| വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 2 |
| വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 8 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 15 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 13 |
| ആകെ | 2846 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 2846 കെട്ടിടങ്ങളിൽ 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 369 എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഏകദേശം 13% സ്ഥാപനം മാത്രമാണ് പ്രവർത്തിക്കുന്നതിനായി ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയയിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 0.5 % സ്ഥാപനങ്ങൾ മാത്രമാണ് ഓഫീസ് ആവശ്യത്തിനായി പ്രവർത്തിക്കുന്നത്. 20% ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത കെട്ടിട നമ്പറോടുകൂടിയ കെട്ടിടങ്ങളായും പരിഗണിച്ചാൽ പോലും 80 ശതമാനത്തിലധികം കെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയും ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 22/30.08.2017) ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് നിലവില്ലാത്തതിനാൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച് കണക്കില്ലാത്തതിനാലാണ് അപാകത സംഭവിച്ചതെന്നും വരും വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു.

## 2-4 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| വാർഡ് നമ്പർ/ കെട്ടിട നം | ഡി ആന്റ് രജിസ്റ്ററിലെ ക്ര.ന | ഉപയോഗം | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം | റിമാർക്സ് |
|---|---|---|---|---|---|
| 1/37 | 291 | പതഞ്ജലി പ്രോഡക്ട്സ് സ്റ്റോക്ക്, വിൽപ്പന | താഴത്തെ നില (107.01 ച മീ ) ഒന്നാം നില (30 ച മീ ) | പാർപ്പിടാവശ്യം | |
| 10/357 | 26 | പലചരക്ക് കച്ചവടം | താഴത്തെ നില (90 ച മീ), ഒന്നാം നില (40 ച മീ ) | പാർപ്പിടാവശ്യം | |
| 11/559 | 39 | നാഷണൽ വുഡ് ഇൻഡസ്ട്രീസ് | 11ാം വാർഡിൽ 496 വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളൂ. തെറ്റായ നമ്പറാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. | | |
| 10/505 | 227 | ചായക്കച്ചവടം | താഴത്തെ നില (125 ച മീ ) | പാർപ്പിടാവശ്യം | |
| 12/122 | 244 | റസ്റ്റോറന്റ് | താഴത്തെ നില (58 ച മീ ) | പാർപ്പിടാവശ്യം | |

നികുതി നിർണ്ണയത്തിൽ പാർപ്പിട ആവശ്യത്തിന് എന്ന രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ച് വരുന്നത്. കെട്ടിടങ്ങളുടെ തരം മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശം

ഡി ആന്റ് ഒ അപേക്ഷകളിൽ സൂക്ഷമ പരിശോധനയും ഫീൽഡ് തല അന്വേഷണവും നടക്കുന്നില്ല എന്ന് ബന്ധപ്പെട്ട രജിസ്റ്ററുകളും/അപേക്ഷകളും പരിശോധിച്ചതിൽ നിന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. ട്രേഡേഴ്സ് രജിസ്റ്ററിന്റെ അഭാവം ലൈസൻസ് പിരിവിലെ കൃത്യതക്ക് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. ഡി ആന്റ് ഒ ലൈസൻസുമായി ബന്ധപ്പെട്ട കേരള പഞ്ചായത്ത് രാജ് ആക്ട്, 1996 ലെ ഡി ആന്റ് ഒ ചട്ടങ്ങൾ എന്നിവ പാലിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഡി ആന്റ് ഒ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

1. ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ മുതലായവയുടെ ഇൻസ്റ്റാലേഷൻ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുമ്പോൾ സെക്ഷൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു

(സെക്ഷൻ 233,234,236,237 (1996 ലെ ഡി ആന്റ് ഒ ചട്ടങ്ങൾ)

| | |
|---|---|
| സമയ പരിധി | 1. മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമില്ലാത്ത സംഗതികളിലും, അപേക്ഷകൻ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യമായ രേഖകൾ അപേക്ഷയോടപ്പം സമർപ്പിക്കുന്ന സംഗതികളിലും – 30 ദിവസം (ചട്ടം 12(3))<br>2. മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതികളിൽ അപേക്ഷ ലഭിച്ച തിയ്യതി മുതൽ 60 ദിവസം ( കേ.പ.രാജ് നിയമം, വകുപ്പ് 233)<br>*കുറിപ്പ് : അപേക്ഷ ലഭിച്ച തിയ്യതി ഡി ആന്റ് രജിസ്റ്ററിലും അപേക്ഷയിലും രേഖപ്പെടുത്തേണ്ടതാണ്* |
| സമർപ്പിക്കേണ്ട രേഖകൾ | താഴെ പറയുന്ന രേഖകൾ അപേക്ഷയോട് കൂടെ ലഭിച്ചിട്ടുണ്ട് എന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്.<br>1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (എല്ലാ കോളവും പൂരിപ്പിച്ചത്)<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്<br>3. അപേക്ഷൻ സ്ഥല ഉടമ അല്ലങ്കിൽ അപേക്ഷകന് നിശ്ചിത സ്ഥലത്ത് നിർമാണത്തിനും ഉപയോഗത്തിനും അനുവദിച്ച് കൊണ്ടുള്ള സ്ഥല ഉടമയുമായുള്ള കരാറിന്റെ പകർപ്പ്<br>4. 1948 ലെ ഫാക്ടറീസ് നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഫാക്ടറി ഇൻസ്പെകടറുടേയോ അല്ലങ്കിൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടേയോ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിപ്പോർട്ട് (കേ.പ.രാജ് നിയമം 233 ൽ 4 എ)<br>5. ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്. (മലിനീകരണത്തിന് സാധ്യതയുള്ള പട്ടിക V പ്രകാരമുള്ള സംഗതികളിലും 25 കുതിരശക്തിയിൽ കൂടുതൽ കണക്ടട് ലോഡ് വരുന്ന എല്ലാ സംഗതികളിലും)<br>എന്നാൽ ഏതൊരു കാര്യത്തിലും മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡോ, അല്ലങ്കിൽ അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ നൽകുന്ന റിപ്പോർട്ട് ഹാജരാക്കുന്ന /ലഭിക്കുന്ന സംഗതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്. (കേ.പ.രാജ് നിയമം 233 ൽ 4 ബി)<br><br>6. തീ പിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫക്കറ്റ് (കേ.പ.രാജ് നിയമം 233 ൽ 4 സി) |

| | |
|---|---|
| | 7. കെട്ടിട നിർമാണ ചട്ടപ്രകാരമുള്ള അപേക്ഷ<br><br>8. 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (100 മീറ്റർ റേഡിയസിലുള്ള ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താമസ സ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തിയിരിക്കണം. എന്നാൽ ഇവരിൽ നിന്ന് എൻ ഒ സി ആവശ്യമില്ല)<br><br>9. എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവക്ക് ജില്ലാ കളക്ടറുടെ / ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ സമ്മത പത്രം |
| അടക്കേണ്ട ഫീസ് | ഡി ആന്റ് ഒ ചട്ടത്തിലെ പട്ടിക III ,IV പ്രകാരം |
| അനുവാദം നൽകേണ്ടത് | ഭരണ സമിതി |

കുറിപ്പ്

1.മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാറിന്റെ വ്യവസായ വകുപ്പോ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 HP യിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിശ്ചിത ഫീസ് ഈടാക്കി ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത വ്യവസായത്തിന് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്. (കേ.പ.രാജ് നിയമം 233 ബി (എച്ച്))

2. മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനം വകുപ്പിൽ നിന്നുള്ള ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളതിനാൽ എൻ ഒ സി ആവശ്യമില്ല. എന്നാൽ വനാതിർത്തിയിൽ നിന്ന് 5 കി.മീ റേഡിയസ്സിനുള്ളിൽ (31.10.2002 നോ അതിനു മുമ്പോ ഉള്ളവ ഒഴിച്ച്) തടിമില്ല്, മരാധിഷ്ഠിത വ്യവസായങ്ങൾ എന്നിവക്ക് ലൈസൻസ് നൽകാൻ പാടില്ല-സ.ഉ സ 540/2013 ത സ്വ ഭ വ തീയതി 02.03.2013

3. ശരിയായ രീതിയിൽ അപേക്ഷ സമർപ്പിച്ചിട്ടും നിശ്ചിത സമയത്തിനകം തീർപ്പ് അറിയിക്കാത്ത പക്ഷം ലൈസൻസ് യഥാവിധി നൽകിയതായി കണക്കാക്കുന്നതാണ്.(ചട്ടം 12 സി (3 ബി))

4. ലൈസൻസ് നൽകുമ്പോൾ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്ത സംഗതികളിൽ ഇതര വകുപ്പ്/ഏജൻസികളിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്.

5. SEZ ൽ ഉള്ള യൂണിറ്റുകൾക്ക് ഡി ആന്റ് ഒ നിയമങ്ങൾ ബാധകമല്ല.

2. വ്യാപാര -വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സെക്ഷൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു

(കേരള പ രാജ് നിയമം, വകുപ്പ് 232 (1996 ലെ ഡി ആന്റ് ഒ ചട്ടങ്ങൾ)

| | |
|---|---|
| സമയ പരിധി | 30 ദിവസം<br>*കുറിപ്പ് : അപേക്ഷ ലഭിച്ച തിയ്യതി ഡി ആന്റ് രജിസ്റ്ററിലും അപേക്ഷയിലും രേഖപ്പെടുത്തേണ്ടതാണ്* |
| സമർപ്പിക്കേണ്ട രേഖകൾ | താഴെ പറയുന്ന രേഖകൾ അപേക്ഷയോട് കൂടെ ലഭിച്ചിട്ടുണ്ട് എന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്.<br>1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (എല്ലാ കോളവും പൂരിപ്പിച്ചത്)<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകയുടെ പകർപ്പും |

| | |
|---|---|
| | അല്ലങ്കിൽ കൈവശം അനുവദിച്ച് കൊണ്ടുള്ള സ്ഥല ഉടമയുടെ പക്കൽ നിന്നുള്ള രേഖ.<br>3. കെട്ടിടത്തിന്റെ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്<br>(എന്നാൽ കാറ്റഗറി 2 ൽ പെട്ട പഞ്ചായത്തുകളിൽ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങളിലെ, ചട്ടം 132,133 എന്നിവയിൽ വരുന്ന വിഭാഗങ്ങൾക്ക് 150 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ആവശ്യമില്ല. സ്ഥലത്തിന്റെ അനുയോജ്യത മാത്രം ഉറപ്പാക്കിയാൽ മതി) |
| അടക്കേണ്ട ഫീസ് | ഡി ആന്റ് ഒ ചട്ടത്തിലെ പട്ടിക I ലെ വ്യാപാരങ്ങൾക്ക് പട്ടിക II പ്രകാരവും യന്ത്ര സാമഗ്രികൾക്ക് III, IV പ്രകാരവും (ചട്ടം 7,18,20,21) |

കുറിപ്പ്

1. പുതുതായി വ്യാപാരം തുടങ്ങുന്നതിനോ നിലവിലുള്ളവ പുതുക്കുന്നതിനോ 30 ദിവസത്തിനു മുമ്പും 90 ദിവസത്തിലധികരിക്കാതെയും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്. (കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 236(1) (1996 ലെ ഡി ആന്റ് ഒ ചട്ടങ്ങൾ, ചട്ടം 10)

2. വൈകി കിട്ടുന്ന അപേക്ഷകളിൽ യന്ത്ര സാമഗ്രികളുടെ ലൈസൻസ് പുതുക്കുന്നതിന് 25% അധിക ഫീസ് വാങ്ങേണ്ടതാണ് (ചട്ടം 19, 22) ഷെഡ്യൂൾ 1 പ്രകാരമുള്ള ഇനങ്ങൾക്ക് അധിക ഫീസ് ഈടാക്കേണ്ടതില്ല. എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 255, ചട്ടം 26 എന്നിവ പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

3. 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ പ്രദർശനം നടത്തുകയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നതല്ലെന്നുള്ള സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്.

4. ഇൻസ്റ്റലേഷൻ അനുമതി നൽകിയിട്ടുള്ള സംഗതികൾ അത് പ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. മത്സ്യ – മാംസ വ്യാപാര സ്ഥാപനങ്ങൾ, ചായക്കട, ഹോട്ടൽ, ബേക്കറി എന്നിവക്ക് ആരോഗ്യ വകുപ്പ് അധികാരികളിൽ നിന്നുള്ള സാനിറ്ററി – ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

6. സ്ഥല നാമം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്.

7.പഞ്ചായത്തിലേക്ക് ഏതെങ്കിലും തരത്തിലുള്ള കുടിശ്ശിക ഉണ്ടെങ്കിൽ ലൈസൻസ് അനുവദിക്കേണ്ടതില്ല (വകുപ്പ് 236(13))

8. ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷകളും സ്ഥല പരിശോധനക്ക് ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണ് (സർക്കുലർ നമ്പർ 66562/ആർ സി 3/12/ത സ്വ.ഭ വ തീ 10.1.2013)

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്*

## 2-5 വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (ആലത്തിയൂർ) വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി നിർണയിക്കുകയോ, ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ടി കെട്ടിടത്തെ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും മാത്രമേ നികുതി ഇളവ് അനുവദിച്ചിട്ടുള്ളൂ. വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന് 20 വർഷം കാലപ്പഴക്കം ഉണ്ട്. ഓഫീസ് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം 55 ച.മീറ്ററാണ്. അടിസ്ഥാന വസ്തു നികുതി 30 രൂപയാണ്.

കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു. പഞ്ചായത്തിലെ 19-ാം വാർഡിലെ (ആലത്തിയൂർ ഈസ്റ്റ്) 160- ാം കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/30-08-2017) മറുപടി ലഭ്യമാക്കിയില്ല.

## 2-6 ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ട പ്രകാരം പുനർ നിർണ്ണയിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി +ഗ്രന്ഥ ശാല വരി (5%) =ആകെ | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച വാർഷിക വസ്തു നികുതി (പഴയ നികുതി + 150 % വർദ്ധനവ്) +ഗ്രന്ഥ ശാല വരി (5%)+=ആകെ | വസ്തു നികുതി പരിമിതപ്പെടുത്തിയ തിനാലുണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | 1/60 | പ്രസിഡന്റ് | 33 | 1132+57=1189 | 83+5 = 88 | 1101 |
| 2 | 9/397 | അസി.എഞ്ചിനീയർ ഇറിഗേഷൻ വകുപ്പ് | 107 | 1320+66 = 1386 | 268+14 = 282 | 1104 |
| 3 | 9/398 | അസി.എഞ്ചിനീയർ ഇറിഗേഷൻ വകുപ്പ് | 23 | 1440+72=1512 | 58+3=61 | 1451 |
| 4 | 10/400 | ലീഗ് ഓഫീസ് | 0 | 0 | ടി കെട്ടിടത്തെ നികുതി ഒഴിവാക്കപ്പെട്ട ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്, ആയത് പുനർനിർണ്ണയിച്ച് കുടിശ്ശിക | |

| | | | | | |
|---|---|---|---|---|---|
| | | | | | ഉൾപ്പെടെ ഈടാക്കേണ്ടതാണ് |
| ആകെ | | | | | ₹ 3656 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27-31/082017) മറുപടി ലഭ്യമാക്കിയില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാത്തതിനാൽ ഫീൽഡ് പരിശോധനക്ക് ശേഷം നിലവിൽ ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സ.ഉ (കൈ) 210/2013 തസ്വഭവ. തിയ്യതി 04.06.2013 പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിച്ച നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.

## 2-7 മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 500 രൂപയായി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 2 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ട്. (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ / കെട്ടിട നമ്പർ | ടവർ കമ്പനിയുടെ / ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) | പരിഷ്കരിച്ച അടിസ്ഥാന വസ്തുനികുതി |
|---|---|---|---|
| 5 (ആനപ്പടി)<br>189 B | മാനേജർ, ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ, സെൻട്രൽ കോഴിക്കോട്, തൃപ്രങ്ങോട് പി ഒ - 676108 | താഴത്തെ നില (15 ച മീ ) | വാർഷിക വസ്തു നികുതി - 6000<br>ഗ്രന്ഥ ശാല വരി - 300<br>...................................<br>ആകെ - 6300 |
| 16 (പൊറ്റോടി)<br>214 A | എം കെ നാരായണൻ, ചെറമംഗലത്ത് | രണ്ടാം നില (19.42 ച മീ ) | വാർഷിക വസ്തു നികുതി - 11,652<br>ഗ്രന്ഥ ശാല വരി - 583<br>...............................................<br>ആകെ -12,235 |

ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | വാർഡ് / കെട്ടിട | ടവർ | കാലപഴക്കം | ഈടാക്കിയതിന്റെ വിവരം |
|---|---|---|---|---|

| | നമ്പർ | | | |
|---|---|---|---|---|
| 1 | 5 (ആനപ്പടി) 189 B | മാനേജർ, ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ, സെൻട്രൽ കോഴിക്കോട്, തൃപ്രങ്ങോട് പി ഒ - 676108 | 15 വർഷം | കുടിശ്ശിക ഇല്ല |
| 2 | 16 (പൊറ്റോടി) 214 A | എം കെ നാരായണൻ, ചെറമംഗലത്ത് | ലഭ്യമല്ല | 2013-14 മുതൽ ഈടാക്കുന്നുണ്ട് . ആകെ കുടിശ്ശിക ₹ 61,600 |

1) മേൽ ടവറുകളിൽ 16 വാർഡിലെ 214 A നമ്പറിൽ നിർണ്ണയിച്ചിട്ടുള്ള ടവറിൽ നിന്നും നാളിതു വരെ വസ്തു നികുതി ഈടാക്കിയിട്ടില്ല. കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു. വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ/രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമല്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ്/വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26 –31/08/2017)മറുപടി ലഭ്യമാക്കിയില്ല.

## 2-8 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കി പത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 8,84,918 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 9,65,813 |
| ആകെ | 18,50,731 |

പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വഹിക്കുന്നത് വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള (100%) നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം

സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 2-9 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 2.44 കോടി രൂപ കാലഹരണപ്പെട്ടു

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 4.19 കോടി (4,19,53,991) രൂപയിൽ 2.44 കോടി (2,44,28,990) രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 4.19 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 1.75 കോടി (1,75,25,001) രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിനു കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു</u>

ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതികളുടെയും നിർവ്വഹണം നടത്തിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | | പട്ടിക ജാതി വിഭാഗം | | പട്ടിക വർഗ വിഭാഗം | | ആകെ | | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | |
| ഉൽപ്പാദനം | 45,71,570 | 23,87,329 | 11,51,034 | 3,81,538 | 0 | 0 | 57,22,604 | 27,68,867 | 48% |
| സേവനം | 3,60,09,598 | 1,78,29,401 | 3,55,84,66 | 20,05,197 | 1,86,012 | 1,86,012 | 3,97,54,076 | 2,00,20,610 | 50 % |
| പശ്ചാതലം | 1,86,80,076 | 50,54,776 | 0 | 0 | 0 | 0 | 1,86,80,076 | 50,54,776 | 27% |
| ആകെ | | | | | | | 6,41,56,756 | 2,78,44,253 | 43 % |

വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ മൂലം ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയത് പഞ്ചായത്ത് ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## **3-2** <u>മോട്ടോർ സൈക്കിളിന് ട്രിപ്പ് ഷീറ്റ് ഉണ്ടാക്കി വാഹന വാടകയിനത്തിൽ ചെലവ്- **34,500** രൂപ തിരിച്ചടവാക്കേണ്ടതാണ്</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 104/17 പകർച്ച വ്യാധി നിയന്ത്രണം, 181/17

ഭിന്നശേഷിയുള്ളവരുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ് എന്നീ പ്രൊജക്ടുകളിൽ അനൗൺസ്മെന്റ് വാഹനത്തിന് വാടക എന്ന ഇനത്തിൽ താഴെ പറയും പ്രകാരം KL 10-6696 എന്ന വാഹനത്തിന്റെ ഡ്രൈവറായ ശ്രീ.കെ.പി.മുഹമ്മദിന് പണം നൽകിയിട്ടുണ്ട്.

<u>1.പ്രൊജക്ട് 104/17 പകർച്ച വ്യാധി നിയന്ത്രണം.</u>

ട്രഷറി ബിൽ നമ്പർ 11/16-17 തിയ്യതി 30-3-17, രൂപ 20,000 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന്.

എ) 26-1-17 PPI അനൗൺസ്മെന്റ് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3500 രൂപ.

ബി) 27-1-17 PPI അനൗൺസ്മെന്റ് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3500 രൂപ.

സി) 28-1-17 PPI അനൗൺസ്മെന്റ് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3500 രൂപ.

ഡി) 29-1-17 PPI വാക്സിനേഷൻ മരുന്നുകൾ ബൂത്തുകളിൽ എത്തിക്കുന്നതിന് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3500 രൂപ.

ഇ) 30-1-17 PPI ഗൃഹസന്ദർശനം നടത്തുന്നതിന് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3000 രൂപ.

എഫ്) 31-1-17 PPI PPI ഗൃഹസന്ദർശനം നടത്തുന്നതിന് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3000 രൂപ.

ആകെ 20,000.

ട്രഷറി ബിൽ നമ്പർ 8/16-17 തിയ്യതി 30-3-17 , 44,200 രൂപ

എ) 21-2-17 മന്ത് രോഗ നിവാരണ മൈക്ക് പ്രചാരണം വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3500 രൂപ.

ബി) 22-2-17 മന്ത് രോഗ നിവാരണ മൈക്ക് പ്രചാരണം വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3500 രൂപ.


സി) 23-2-17 ഫീൽഡ് പ്രവർത്തനങ്ങൾക്ക് പ്രവർത്തകരെ കൊണ്ട് പോയതിന് വാഹനവാടക ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 3000 രൂപ.

ആകെ. 10,000 രൂപ.

<u>2. പ്രൊജക്ട് 181/17 ഭിന്നശേഷിയുള്ളവരുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ്</u>

ട്രഷറി ബിൽ 9/16-17 തിയ്യതി 30-3-17, 15,000 രൂപയിൽ മൈക്ക് പബ്ലിസിറ്റി നടത്തിയതിന് ശ്രീ.കെ.പി.മുഹമ്മദിന് നൽകിയത് 4500 രൂപ.

വാടകയ്ക്ക് വിളിച്ച് പണം നൽകിയതിന് ഹാജരാക്കിയ ട്രിപ്പ് ഷീറ്റ്, ഡ്രൈവർ ശ്രീ.കെ.പി മുഹമ്മദിന്റെ അപേക്ഷ, മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ കൺസോളിഡേഷൻ ഷീറ്റ് എന്നിവയിൽ പരാമർശിച്ച വാഹനമായ KL 10 6696 എന്നത് നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽപ്പെടുന്ന ബജാജ് ലിമിറ്റഡിന്റെ 95 CC യ്ക്ക് മുകളിലുള്ള മോട്ടോർ സൈക്കിളാണ്. ഈ വാഹനത്തിന് ട്രിപ്പ് ഷീറ്റ് തയ്യാറാക്കിയതും അനൗൺസ്മെന്റ് സാമഗ്രികൾ സജ്ജീകരിച്ചതും യുക്തിസഹമായ സംഗതികളല്ല. ഇവ വ്യാജമായ ക്ലെയിമുകളാണെന്ന് വിലയിരുത്താം.



.: Kerala Motor Vehicles Department :. REGISTRATION DETAILS - Mozilla Firefox

https://smartweb.keralamvd.gov.in/kmvdnew/services/registration/registrationnew.php

MOTOR VEHICLES DEPARTMENT, KERALA

കേരള മോട്ടോർ വാഹന വകുപ്പ്

**Registration Details**

Enter Reg Number KL-10-6696 Eg: KL-01-AA-7889 | Enter Chassis Number Last 5 values | Enter the charactres* tp5ws8 Get

**This is a backlogged Data and may have Errors and Omissions**

Reg Number : KL-10-6696 Office: RTO, MALAPPURAM

Owner Details

| OwnerName | With Effect From | Guardian | Address | DealerName |
|---|---|---|---|---|
| SAIDMOHAMMED ANAS KOYATHANGAL | 15-Oct-1990 | -- | -- | Not Available |

Tax / CESS Details

| Tax License No. | Tax Paid On | Tax Paid From | Tax Paid TO | Tax Amount | Tax Paid Office | CESS Amount Paid | CESS Paid Date |
|---|---|---|---|---|---|---|---|
| Not Available | Not Available | Not Available | Not Available | Not Available | Not Available | Not Available | Not Available |

Other Details

| Category | VehicleClass | Maker Name | Maker Class | C.C | BHP | Body | Cylinders |
|---|---|---|---|---|---|---|---|
| Non-Transport | MOTOR CYCLE - ABOVE 95CC | Bajaj Auto Ltd | Motor Cycle | 0.00 | 0.00 | Solo | 1 nos |

| Mfd Month | Mfd Year | Seat Capacity | ULW | Fuel | Wheel Base | Color | Registration Date | Valid upto | Delivery Date |
|---|---|---|---|---|---|---|---|---|---|
| 0-0 | 1990 | 2 | 110 | PETROL | 0.00 | | 15-Oct-1990 | Not Available | 15-Oct-1990 |


**Disclaimer :-** If any discrepancy noticed in the data, please contact the respective registering authorities with substantial proof to


STATEMENT OF EXPENDITURE SHOWING THE EXPENSES INCURED ON PROJECT NO.S0104/17, COMMUNICABLE DISEASE CONTROL PROGRAMME PROJECT

| SL.NO. | DATE | PARTICULARS OF VOUCHER | PURPOSE OF VOUCHER | AMOUNT Rs. | Ps. |
|---|---|---|---|---|---|
| 1 | 26/1/17 | Voucher of K P Muhammed Driver | Vehicle rent for PPI announcement | 3500 | |
| 2 | 27/1/17 | Voucher of K P Muhammed Driver | Vehicle rent for PPI announcement | 3500 | |
| 3 | 28/1/17 | Voucher of K P Muhammed Driver | Vehicle rent for PPI announcement | 3500 | |
| 4 | 29/1/17 | Voucher of K P Muhammed Driver | Vehicle rent for PPI vaccine supply to booth | 3500 | |
| 5 | 30/1/17 | Voucher of K P Muhammed Driver | Vehicle rent for PPI house visit supervision and vaccine supply | 3000 | |
| 6 | 31/1/17 | Voucher of K P Muhammed Driver | Vehicle rent for PPI house visit supervision and vaccine supply | 3000 | |
| | | TOTAL. | | 20000 | |

( Rupees Twenty thousand only)

passed for payment of Rs 20000/- (Rupees twenty thousand only) and paid by me




29-2-17 ന് നടന്ന PPI പ്രോഗ്രാമിനായി അതിനു മുമ്പുള്ള 3 ദിവസങ്ങളിലായി ഓരോ ദിവസവും ഗ്രാമപഞ്ചായത്ത് പ്രദേശം മുഴവൻ അനൗൺസ്മെന്റ് നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ദിവസത്തെ പ്രചാരണം മതിയാകുന്നിടത്ത് 3 ദിവസം പ്രചാരണം നടത്തിയതായാണ് രേഖകൾ തയ്യാറാക്കിയിരിക്കുന്നത്.

ട്രാൻസ്പോർട്ട് പെർമിറ്റില്ലാത്തതും പ്രചരണ സാമഗ്രികൾ ഘടിപ്പിച്ച് ഓടിക്കുവാൻ പര്യാപ്തമല്ലാത്തതുമായ മോട്ടോർ സൈക്കിളിന്റെ പേരിൽ വ്യാജമായ ട്രിപ്പ് ഷീറ്റ് ഉണ്ടാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം പിൻവലിച്ചത് അനുവദിക്കാനാവാത്തതാണ്. വാഹന വാടകയിനത്തിൽ ചെലവഴിച്ച 34500 രൂപ നിർവ്വഹണ

ഉദ്യോസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും.

## 3-3 ഭവന നിർമ്മാണത്തിന് അർഹതയിലും അധികം ധനസഹായം നൽകിയത്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 4/17 ഭവനനിർമ്മാണം ജനറൽ എന്ന പ്രൊജക്ട് പ്രകാരം ഓരോ ഗുണഭോക്താവിനും അർഹമായ ധനസഹായം 2 ലക്ഷം രൂപയാണ്.പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി.സരിത w/o സതീശൻ,കിഴവത്ത് എന്ന ഗുണഭോക്താവിന് താഴെ പറയും പ്രകാരം 2,10,000 രൂപ നൽകിയതായി കാണുന്നു.

ബിൽ നമ്പർ 13/16 തിയ്യതി 12-08-2015 - 60,000 രൂപ.(വികസന ഫണ്ട്)

ബിൽ നമ്പർ 2/17 തിയ്യതി 27-10-2016 - 60,000 രൂപ. (വികസന ഫണ്ട്)

വൗച്ചർ നമ്പർ 29/17 തിയ്യതി 28-03-2017 - 90,000 രൂപ. (തനത് ഫണ്ട്)

ആകെ 2,10,000 രൂപ.

അധിക തുക തിരിച്ചടവാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/25-08-17) ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിവരം അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ രണ്ടാം ഗഡു തുക നൽകിയ വി.ഇ.ഒ യ്ക്ക് വന്ന പിഴവാണ് അധിക തുക നൽകാനിടയായതെന്നും 10,000 രൂപ തിരിച്ചടവാക്കുന്നതിന്ന് നടപടി ആരംഭിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. തിരിച്ചടവു വിവരം അറിയിക്കേണ്ടതാണ്. തുക തിരിച്ചടവാക്കുന്നതുവരെ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കാണുന്നു.

## 3-4 വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടിനായി കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

1. പ്രൊജക്ട് 115/17 പി.എം.എ.വൈ വിഹിതം നൽകൽ,1,40,000 രൂപ, ട്രഷറി ബിൽ 2/24-10-16,

2. പ്രൊജക്ട് 198/17 ഐ.എ.വൈ അധിക വിഹിതം , 6 ലക്ഷം രൂപ, ട്രഷറി ബിൽ 5/8-3-17

ആകെ 7.40 ലക്ഷം രൂപ

(വിനിയോഗ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 1/29-8-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അവ ലഭ്യമായിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.)

## 3-5 നടപ്പാതകളിൽ സിമന്റ് കോൺക്രീറ്റിംഗ് കനം കൂട്ടി ചെയ്തതു കാരണം അധിക ചെലവ് ഉണ്ടായി - 11254 രൂപ അനുവദിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

3 മീറ്ററിൽ കുറവായ (വീതി) നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്നിരിക്കെ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ നടത്തിയത് വഴി താഴെ പറയുന്ന പ്രവൃത്തിയിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD കത്ത് പ്രകാരം നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നം - SOO49/17

പേര് - രജിസ്റ്റാർ കോളനി ഫുട്പാത്ത്

കൺവീനർ - P.അബ്ദുൾ റസാക്ക്

ചെക്ക് നം - 2000005/24.9.16

മൂല്യനിർണ്ണയ തുക - 81099

M book - 110/15-16

കരാർ -146/15-16/20.11.15

മേൽ പ്രവൃത്തിയുടെ ഭാഗമായി 84 മീറ്റർ നീളത്തിൽ സിമെന്റ് കോൺക്രീറ്റിംഗ് (1:4:8 & 1:2:4) നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ 10 cm കനത്തിൽ ക്വാറി മക്ക് ഇട്ട് അതിന് മുകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിലും നടത്തിയിട്ടുണ്ട്. 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിൽ നടത്തിയാൽ മതി എന്നിരിക്കെ 0.075 cm കനത്തിൽ നടത്തിയത് വഴി താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

16*0.85*0.025 = 0.34

9.50*0.80*0.025 = 0.19

12.50*0.85*0.025 =0.267

13*0.90*0.025 = 0.292

10*1.10*0.025 = 0.275

7.50*0.80*0.025 = 0.150

15.50*0.80*0.025 =0.31

Total-1.824 m3

1.824 m3 * 6169.81 / m3 = 11254

പ്രവൃത്തിയിലുണ്ടായ അധിക ചെലവ് 11254 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ (Sinu) നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ഭിന്നശേഷിയുള്ളവരുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ്- ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് 181/17 ൽ ട്രഷറി ബിൽ 9/16-17 തിയ്യതി 30-3-17 പ്രകാരം മാറിയ 15,000 രൂപയിൽ ഉൾപ്പെട്ട താഴെ പറയുന്ന ചെലവുകൾ സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു.


1. നോട്ടീസിന്റെയും കാർഡിന്റെയും വില രചന പ്രിന്റേഴ്സ് ആലത്തിയൂരിന് നൽകിയത് 4000 രൂപ.

2. ബാനർ വില രചന ആർട്സ് ആനപ്പടിക്ക് നൽകിയത് 2400 രൂപ.

4. ഭക്ഷണം നൽകിയതിന് വിശിഷ്ട വനിത കഫെക്ക് 3115 രൂപ.

5. വാഹന വാടക ശ്രീ. അബ്ദുൽ സലാമിന് 985 രൂപ.

<u>അപാകതകൾ</u>


രസീത്
26/3/2017
P.H.C
RS 985/-
P.H.C.
P.H.C.
26/3/2017.

ക്യാമ്പ് നടന്ന എന്നതു സംബന്ധിച്ചുള്ള കൃത്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (21/30-8-17) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-7 പകർച്ച വ്യാധി നിയന്ത്രണം-രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 104/17 പകർച്ച വ്യാധി നിയന്ത്രണം എന്ന പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയും അപാകതകൾ കാണുന്നു.

അടങ്കൽ 1 ലക്ഷം രൂപ. ( വികസന ഫണ്ട് ജനറൽ)

ചെലവ് 87720 രൂപ.


നിർവ്വഹണം - മെഡിക്കൽ ഓഫീസർ

ട്രഷറി ബിൽ നമ്പർ 8/16-17 തിയ്യതി 30-3-17

1. 14,000 രൂപ 22-2-17, 23-2-17, 24-2-17 തിയ്യതികളിൽ നടത്തിയ സമ്പൂർണ്ണ ക്ലോറിനേഷൻ പരിപാടിയിൽ പങ്കെടുത്ത സന്നദ്ധ പ്രവർത്തകർക്ക് പ്രോത്സാഹന തുക നൽകുന്നതിനാണ് ചെലവഴിച്ചത്. 28 പേർക്ക് 100 വീതം വീടുകളിൽ ക്ലോറിനേഷൻ നടത്തിയതിന് 500 രൂപ വീതം നൽകിയതായി ഒരു അക്വിറ്റൻസ് ഷീറ്റ് ഫയലിൽ ഉണ്ട്. ക്ലോറിനേഷൻ നടത്തിയതായി പറയുന്ന വീടുകളുടെ പട്ടികയോ ഫീൽഡ് സന്ദർശന രേഖകളോ വീട്ടുകാരിൽ നിന്നുള്ള അക്നോളഡ്ജ്മെന്റോ ഹാജരാക്കിയിട്ടില്ല.

2. ജലജന്യരോഗ നിയന്ത്രണ നോട്ടീസ് പ്രിന്റ് ചെയ്തതിന് രചന പ്രിന്റേഴ്സ് ആലത്തിയൂരിന് 19-7-16ലെ ബില്ല് പ്രകാരം 3400 രൂപ നല്കിയിട്ടുണ്ട്. അച്ചടിച്ചതായി പറയുന്ന നോട്ടീസിന്റെ സ്റ്റോക്ക്/ഇഷ്യൂ വിവരം ലഭ്യമാക്കിയില്ല. നോട്ടീസിന്റെ കോപ്പി ഫയലിൽ ഇല്ല. അച്ചടിക്ക് പ്രസ്സിനെ ഏൽപിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല.

3) 8-12-16 മുതൽ 28-3-16 വരെ കാലയളവിൽ രോഗപ്രതിരോഗ കുത്തിവെപ്പ് പരിപാടികളുമായി ബന്ധപ്പെട്ട് വാഹന വാടകയായി 12,800 രൂപ കിട്ടി ബോധിച്ചു എന്ന് രേഖപ്പെടുത്തിയ 31-3-16 തിയ്യതി വെച്ച പേരോ ഒപ്പോ വാഹനത്തിന്റെ വിവരമോ ഇല്ലാത്ത ഒരു കടലാസ് മാത്രമാണ് ഫയലിൽ ഉള്ളത്.


രസീത്

തച്ചങ്ങോട് ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 8-12-2016 മുതൽ 28/3/2017 വരെയുള്ള കാലത്ത് നടത്തിയ രോഗപ്രതിരോധകുത്തിവെയ്പ് പരിപാടികൾക്കുവേണ്ടി വാഹനം ഓടിയ വകയിൽ വാടകയിനത്തിൽ എനിക്ക് ലഭിക്കേണ്ട RS 12800/- (പന്ത്രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) തച്ചങ്ങോട് PHC മെഡിക്കൽ ഓഫീസറിൽ നിന്നും കൈപ്പറ്റി ബോധിച്ചു.

P.H.C. തച്ചങ്ങോട്,
31-3-2017.

ഓഡിറ്റ് എൻക്വയറി 20 /30-08-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 30,200 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-8 ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങിയത് സ്റ്റോക്ക് വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോസ്ഥനായി പ്രൊജക്ട് 185/17 ൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയ 2 ലക്ഷം രൂപയിൽ 1,95,500 രൂപ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ട്രഷറി ബിൽ 5/16-17 തിയ്യതി 21-2-17. മരുന്ന് ലഭ്യമാക്കിയതിന്റെ കാഷ് ബില്ലും സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഇതേ പ്രൊജക്റ്റിൽ ട്രഷറി ബിൽ നമ്പർ 10/16-17 തിയ്യതി പ്രകാരം മാറിയ 4410 രൂപയ്ക്ക് വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരവും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 18/30-8-2017 ആയി ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുകയായ 1,99,910 രൂപ തടസ്സം ചെയ്യുന്നു.

## 3-9 പാലിയേറ്റീവ് കെയർ പ്രൊജക്റ്റ്- രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

അടങ്കൽ 6.50 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് 5,92,973 രൂപ

പ്രൊജക്റ്റ് 100/17 പാലിയേറ്റീവ് കെയർ എന്ന പേരിൽ നടപ്പാക്കിയ പരിരക്ഷ ഹോം കെയർ പ്രൊജക്റ്റിൽ താഴെ പറയുന്ന ചെലവിനങ്ങൾക്കാധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 3,14,506 രൂപ തടസ്സം ചെയ്യുന്നു.

1. ട്രഷറി ബിൽ നമ്പർ 12/16-17 തിയ്യതി 30-3-17, 4400 രൂപയിൽ 3500 രൂപ ബാവു. സി., നസ്സിൻ ഫാൻസി ആലിങ്ങൽ എന്നയാൾക്ക് സ്റ്റേഷനറി സാധനങ്ങളുടെ വില നൽകിയത്.

2. ട്രഷറി ബിൽ നമ്പർ 7/16-17 തിയ്യതി 30-3-17, 3,87,346 രൂപയിൽ 1000 രൂപ കെ.പി.കെ പെട്രോളിയത്തിന് നൽകിയത്.

3. ട്രഷറി ബിൽ നമ്പർ 7/16-17 തിയ്യതി 30-3-17, 3,87,346 രൂപയിൽ 3,00,006 രൂപ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയത്. ഇഷ്യു നോട്ട്, സ്റ്റോക്ക് വിവരം ഇല്ല.

4.ട്രഷറി ബിൽ നമ്പർ 7/16-17 തിയ്യതി 30-3-17, 3,87,346 രൂപയിൽ 47,590 രൂപ ഭക്ഷണം നൽകിയതിന് വിശിഷ്ട

വനിത കഫെശ്രീ, ഒട്ടുംപുറത്തിന് നൽകിയിട്ടുണ്ട്. ഇതിൽ 10,000 പാലിയേറ്റീവ് കെയർ ട്രയിനിംഗിന് റിഫ്രഷ്മെന്റ് ചാർജ് ഇനത്തിൽ നൽകിയതാണ്. പരിപാടിയിൽ പങ്കെടുത്തവരുടെ ഹാജർ വിവരം, പരിപാടി നടത്തിയത് സംബന്ധിച്ച രേഖകൾ/ഫോട്ടോഗ്രാഫ് എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 19/30-08-17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 എ ബി സി പ്രോഗ്രാം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 1,00,000 രൂപ തടസ്സം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രൊജക്ട് നം - SO 197/17

ബിൽ നം - 6/31.3.17 – 1,00,000

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയുടെ (ABC Programme) നടത്തിപ്പിലേക്കായി മേൽ ബില്ല് പ്രകാരമുള്ള തുക ജില്ലാ മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ തുക തടസ്സം ചെയ്യുന്നു. (23/30-08-17 നമ്പർ പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല)

## 3-11 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം.<br>തിയതി. | തുക | തുക നല്കപ്പെട്ടിട്ടുള്ളത്. |
|---|---|---|---|
| കേരള സാമൂഹ്യ സുരക്ഷ മിഷന് സംഭാവന.<br>s0201/17 | 16/2016-17.<br>dtd.15.3.17. | 200000/- | ഡയറക്ടർ, സാമൂഹ്യ സുരക്ഷ മിഷൻ |
| PMAY വിഹിതം നൽകൽ.<br>s0095/17 | 10/2016-17<br>dtd.15.11.16. | 480000/ | സെക്രട്ടറി, തിരൂർ ബ്ലോക്ക് പഞ്ചായത്ത്. |
| SSA വിഹിതം നൽകൽ.<br>s0064/17 | 11/2016 -17.<br>dtd.25.11.16. | 500000/- | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ. മലപ്പുറം. |

ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1180000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 5/31-08-17)

## 3-12 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ

പ്രോജക്റ്റ് നം. - so182/17.

ട്രഷറി ബിൽ നം. - 1/2016 -17 dtd.18.2.17. 1,00,000/- ഇൻവോയ്സ് നം - PF 712 dtd.17.12.16.

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. പ്രോജക്റ്റ് പരിശോധനയിൽ ബന്ധപ്പെട്ട സ്ഥാപനവുമായി മെഡിക്കൽ ഓഫീസർ കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതു വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭിച്ചില്ല- ചെലവു തുക തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോസ്ഥനായി പ്രൊജക്റ്റ് 107/17 ൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തിയ 2 ലക്ഷം രൂപ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.എം) കേരളയ്ക്ക് ഇൻവോയ്സ് 297/16-17 തിയ്യതി 8/09/17 പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ 1/16-17 തിയ്യതി 26-11-16). മരുന്ന് ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 16/30-8-17 ന് മറുപടി ലഭ്യമാക്കിയില്ല.)

## 3-14 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| ഒട്ടുംപുറം ഹെൽത്ത് കോംപ്ലക്സ് നവീകരണം (8,58,613)(Proj-SO191) | കെ.ഉണ്ണികൃഷ്ണൻ | 1900 |
| | കിഷോർ കുമാർ.M | 1900 |
| | T.V.ഷൈജേഷ് | 1900 |
| കൈനിക്കര ആനപ്പടി റോഡ് നവീകരണം (7,70,000) | C.M. അബ്ദുൾ ഗഫൂർ | 6300 |
| | P. നിസാർ | 6300 |
| | A.K. ബാബു | 6300 |
| | M.K. ഷംസുദീൻ | 6300 |

| | | |
|---|---|---|
| ആകെ | | 30900 |

തുടർ നടപടി വിവരം ആദ്യമറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## 3-15 സെക്യൂരിറ്റി നിക്ഷേപങ്ങൾ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ തന്നെ വച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.

മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന ജാമ്യ നിക്ഷേപങ്ങൾ അതാത് പ്രവൃത്തികളുടെ ഫയലിൽ തന്നെ വച്ചിരിക്കുന്നു. 2016-17 വർഷത്തിൽ ഇത്തരത്തിൽ 6,49,450 രൂപയുടെ ജാമ്യ നിക്ഷേപങ്ങൾ പ്രവൃത്തികളുടെ ഫയലിൽ കൂട്ടികെട്ടിയതായി കണ്ടു. ജാമ്യ നിക്ഷേപങ്ങൾ മൂന്നു വർഷം കഴിഞ്ഞ് ക്രമീകരിച്ചില്ലെങ്കിൽ ആയത് പണമാക്കി മാറ്റി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. അതുകൊണ്ട് തന്നെ ജാമ്യ നിക്ഷേപങ്ങൾ സെക്യൂരിറ്റി രജിസ്റ്റർ പരിപാലിച്ച് പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതും അസി. എഞ്ചിനീയറുടെ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതുമാണ്. മേൽ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-16 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികൾക്ക് സപ്ലയറിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല – ഈടാക്കിയ മൂല്യ വർദ്ധിത നികുതി വാണിജ്യ വകുപ്പിലേക്ക് അടവാക്കിയില്ല.

സാധനഘടകം (മെറ്റീരിയൽ പ്രവൃത്തികൾ) വരുന്ന പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സാധനഘടകം (മെറ്റീരിയൽ പ്രവൃത്തികൾ) പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി A.P. പ്രകാശൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് കരാറിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽ പർച്ചേസ് നടത്തിയിട്ടുണ്ടെങ്കിലും ടിയാനിൽ നിന്നും ആദായ നികുതി (1%) ഈടാക്കിയില്ല (Income Tax Act Sec 194 (C) ). കൂടാതെ മൂല്യ വർദ്ധിത നികുതിയിനത്തിൽ 79,690 രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും വാണിജ്യ നികുതി വകുപ്പിലേക്ക് അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | Meterial Amt | VAT | IT | Payment date |
|---|---|---|---|---|---|
| 1 | ചെമ്പാല ഫൂട്പാത്ത് നിർമ്മാണം | 177055.19 | 7082.20 | 1770 | 3.3.17 |
| 2 | AMLPS ആലിങ്ങൽ ഫൂട്പാത്ത് നിർമ്മാണം | 318850.81 | 12754.03 | 3188 | 3.3.17 |
| 3 | മണ്ണാംപടിത്തോട് ഫൂട്പാത്ത് നിർമ്മാണം | 274188.60 | 10967.54 | 2742 | 10.3.17 |

| | | | | | |
|---|---|---|---|---|---|
| 4 | പട്ടണം പടി കല്ലേരി ഇടവഴി നിർമ്മാണം | 118353.37 | 4734.13 | 1183 | 3.3.17 |
| 5 | കുണ്ടാലി ഫൂട്പാത്ത് നിർമ്മാണം | 90149.60 | 3605.98 | 901 | 3.3.17 |
| 6 | AMLPS ലിങ്ക് ഫൂട്പാത്ത് നിർമ്മാണം | 86537.80 | 3461.51 | 865 | 10.3.17 |
| 7 | കണ്ണച്ചമ്പാട്ട് പറമ്പിൽ നടപ്പാത കോൺക്രീറ്റിംഗ് | 181025.85 | 7241.03 | 1810 | 3.3.17 |
| 8 | പാവേരിക്കര ബെങ്കുളം റോഡ് കോൺക്രീറ്റിംഗ് | 127665.40 | 5106.61 | 1277 | 3.3.17 |
| 9 | പരപ്പേരി പോള് ബാവാസ് പടി ഒട്ടുംപുറം പാലം വരെ ഫൂട്പാത്ത് നിർമ്മാണം | 214253.96 | 8570.15 | 2142 | 3.3.17 |
| 10 | ഇഖ്റഹ് ആനപ്പടി ഫൂട്പാത്ത് നിർമ്മാണം | 263519.73 | 10540.78 | 2635 | 10.3.17 |
| 11 | ഗരുഡമുഖം ഫൂട്പാത്ത് നിർമ്മാണം | 140647.48 | 5625.89 | 1406 | 10.3.17 |
| | | 1992247.80 | 79690 | 19919 | |

19,919 രൂപ ആദായ നികുതിയിനത്തിൽ ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതും 79,690 രൂപ വാണിജ്യ നികുതി വകുപ്പിന് അടവാക്കേണ്ടതുമാണ്.

## 3-17 ടി.എസ്.പി ഫണ്ട് തിരിച്ചടവാക്കൽ - ചലാൻ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം - സെക്രട്ടറി

പ്രോജക്റ്റ് നം. - S0175/16

ട്രഷറി ബിൽ നം. - 15/2016 -17.dtd.8.3.17. 186012/-

ടി.എസ്.പി.ഫണ്ട് തിരിച്ചടവാക്കുന്നതിനായി മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക തിരിച്ചടവാക്കിയതിന്റെ ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചലാൻ ഹാജരാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (എൻക്വയറി നമ്പർ 6/31-08-17)

## 3-18 ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

KL.55B -3589 എന്ന പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാഹനത്തിന്റെ റിപ്പയർ സംബന്ധമായ വിവരങ്ങളും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 2016 -17 വർഷത്തിൽ വാഹനത്തിന്റെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല. വാഹന പരിപാലനം സംബന്ധിച്ച ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ. തി.30.8.2007 ഉത്തരവും, വാഹന പരിശോധന സംബന്ധിച്ച സർക്കുലർ 41/2008/ധനം02/08/2008 ലെ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനും, ഇന്ധനക്ഷമത ടെസ്റ്റ് നടത്താതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്. വാഹന പരിപാലനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 കുടിവെള്ള പദ്ധതി - വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ നൽകിയത് സംബന്ധിച്ച്.

തൃപ്രങ്ങോട് പഞ്ചായത്ത് 2016-17 തനത് ഫണ്ട് പരിശോധനയിൽ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ നൽകിയതായി കാണുന്നു. സ.ഉ. (സാ) നം.1275/2009 /ത.സ്വ.ഭ.വ. തി.30.5.2009.പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതിയെ ഏല്പിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് വിട്ടുകൊടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതികൾക്ക് വിട്ടുകൊടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവയുടെ ചെലവുകൾ മേൽ സമിതികൾ വഹിക്കണം. തനത് ഫണ്ടിൽ നിന്നും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 199194/- രൂപയും പമ്പ് ഓപ്പറേറ്ററുടെ വേതനം 60000/ രൂപ ഉൾപ്പെടെ 259194/- രൂപ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

മേപ്പാടം കുടിവെള്ള പദ്ധതി - 5629

മുള്ളൻ മട കുടിവെള്ള പദ്ധതി. - 5836

നദിനഗർ " - 89223

കൈമലശ്ശേരി " - 85572

തണ്ടിലക്കര " - 2829

മേലേപറമ്പ് കൈപ്പാലം " - 10105

പമ്പ് ഓപ്പറേറ്ററുടെ വേതനം. (12*5000) - 60000.

ഗ്രാമ പഞ്ചായത്തിൽ 11 ൽ അധികം കൺസ്യൂമർ നമ്പറുകളിൽ വൈദ്യുതിചാർജ് അടവാക്കുന്നുണ്ട്. എന്നാൽ വൈദ്യുതി ചാർജ് അടവാക്കുന്ന വിവരം കണ്ടിജന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏല്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മേൽ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-20 കാർഷിക മേഖലയിലെ ഫലപ്രദമല്ലാത്ത പദ്ധതി നിർവ്വഹണം

ഭൂപ്രകൃതിയനുസരിച്ച് ഇടനാട് മേഖലയിൽ വരുന്ന പ്രദേശമാണ് തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൽ 6 കി.മീറ്ററോളം ദൂരത്തിൽ ഭാരതപ്പുഴ ഒഴുകുന്നുണ്ട്. പഞ്ചായത്തിന്റെ ഭൂരിഭാഗവും സമതല പ്രദേശങ്ങളാണ്. സമതല പ്രദേശങ്ങളിൽ മണൽ ചേർന്ന മണ്ണും നെൽകൃഷി പ്രദേശങ്ങളിൽ കളിമൺ ചേർന്ന മണ്ണും ചിലയിടങ്ങളിൽ ചെങ്കൽ കലർന്ന മണ്ണും കാണപ്പെടുന്നു. നെല്ല് ആണ് പഞ്ചായത്തിലെ മുഖ്യകൃഷി. തെങ്ങ്, കവുങ്ങ്, വാഴ എന്നിവയാണ് തൃപ്രങ്ങോട് പഞ്ചായത്തിൽ ചെയ്തു വരുന്ന മറ്റു കൃഷികൾ.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ 276.98 ലക്ഷം രൂപ മൊത്തം അടങ്കൽ വരുന്ന 8 പ്രൊജക്ടുകൾക്ക് അംഗീകാരം നേടിയതിൽ 7 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 159.76 ലക്ഷം രൂപയാണ് ആകെ ചെലവ്. ഇതിൽ 3.32 ലക്ഷം ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുന്നു. നെൽവിത്ത് വിതരണം, ജൈവ പച്ചക്കറി കൃഷി എന്നീ രണ്ട് പ്രൊജക്ടുകൾ മാത്രമാണ് വിഭാവനം ചെയ്തതനുസരിച്ചുള്ള ലക്ഷ്യം നേടിയത്. അംഗീകാരം നേടിയതിൽ 106/17 ഹരിതശ്രീ- സംയോജിത വാഴകൃഷി വികസനം എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടില്ല.

നടപ്പാക്കിയ മറ്റു പ്രൊജക്ടുകളുടെ വിവരം

| ക്രമ നം | പ്രൊജക്ട് | അടങ്കൽ - രൂപ | ചെലവ്-രൂപ | ലക്ഷ്യം | നേട്ടം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 105/17 ഹരിത ഗ്രാമം | 96000 | 1920 | 10 എസ്.സി ഗുണഭോക്താക്കൾ 8 ഹെക്ടർ കൃഷി പച്ചക്കറികൃഷി- വിത്തിനും ജൈവ വളത്തിനും സബ്സിഡി | 3 ഗുണഭോക്താക്കൾക്ക് 0.16 ഹെക്ടർ സ്ഥലത്ത് | 2 % |
| 2 | 103/17 നെല്ലുസുലഭം- സംയോജിത നെൽകൃഷി വികസനം | 2.40 ലക്ഷം | 18,000 | 50 പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 3ഗുണഭോക്താക്കൾക്ക് ഓരോ ഹെക്ടർ സ്ഥലത്ത് | 7.5% |
| 3 | 101/17 സമഗ്ര വാഴകൃഷി | 1 ലക്ഷം | 1650 | 100ഗുണഭോക്താക്കൾക്ക് ആകെ 16000 വാഴയ്ക്ക് | 4 ഗുണഭോക്താക്കൾ | 1.65 % |

| | | | | | | |
|---|---|---|---|---|---|---|
| | വികസനം | | | ആനുകൂല്യം | | |
| 4 | 97/17 കേരസമൃദ്ധി തെങ്ങുകൃഷി | 13,33,333 | 7,86,104 | 1000 ഗുണഭോക്താക്കൾക്ക് 32000 തെങ്ങുകൾക്ക് ജൈവവള സബ്സിഡി | 328ഗുണഭോക്താക്കൾക്ക് | 58.95% |
| 5 | 98/17 ഹരിതസമൃദ്ധി ജൈവപച്ചക്കറി കൃഷി. | 2.50ലക്ഷം | 1.09 ലക്ഷം | 100 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്തും കൂലിച്ചെലവും- 21 ഹെക്ടർ | 57 പേർക്ക് - 9.31 ഹെക്ടർ | 43.60% |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടിക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് കൈമാറുകയും ഫണ്ട് ലഭ്യത ഉറപ്പായിട്ടും പദ്ധതി നിർവ്വഹണം ഫലപ്രദമാക്കാൻ ശ്രമങ്ങളുണ്ടാവാത്തത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താൽപര്യങ്ങൾക്ക് അനുസൃതമല്ലാത്ത നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ കൂടുതൽ ഊർജ്ജസ്വലമായി പദ്ധതി നിർവ്വഹണം നടത്താൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധ നൽകേണ്ടതുണ്ട്.

## 3-21 തൊഴിലുറപ്പ് പദ്ധതി അവലോകനം

2005 ൽ നിലവിൽ വന്ന ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006 - 07 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നില്ക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2016 -17 വർഷത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയതിട്ടുള്ളത് 3346 പേരാണ്. ആയതിൽ 3346 കുടുംബത്തിനും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്.

തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ - 305

തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ - 219

ആകെ അടങ്കൽ - 20,090,000/-

തൻവർഷത്തെ വരവ് - 15675322/-/-

തൻവർഷത്തെ ചെലവ് - 15669284/-

തൊഴിൽ

ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 625

തൊഴിൽ കാർഡ് ലഭിച്ചവരുടെ എണ്ണം - 3346

100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 10

2016-17 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിൽ നടപ്പാതകൾ 12 എണ്ണം IAY

വീടുകൾ 56 എണ്ണം എന്നീ പ്രവൃത്തികൾ പ്രത്യേകമായി ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശിയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധ്യമായിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,337 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2015-16 | 2(1) | 3500 | ശ്രീമതി.ഹാജറ | 11613108814 /14-02-17 |
| 3 | 2015-16 | 2(1) | 1187 | ശ്രീ.സന്തോഷ് കുമാർ | 11613109879 /14-03-17 |
| 5 | 2015-16 | 2(1) | 250 | ശ്രീ. മുഹമ്മദ് ബഷീർ | 11613109775 /13-03-17 |
| 6 | 2015-16 | 2(1) | 100 | ശ്രീമതി.റീന ഡിഎം | 11613109451 /03-03-17 |
| 7 | 2015-16 | 2(1) | 100 | ശ്രീ. സുദീപ് കെ | 11613109995 /17-03-17 |
| 8 | 2015-16 | 2(1) | 100 | ശ്രീ.ഹംസ ഹാജി | 11613110441 /28-03-17 |
| 9 | 2015-16 | 2(3) | 4000 | റൂം നമ്പർ 138(വാടക) | 11613100426 /19-04-16 11613106036 /14-12-16 |
| 10 | 2015-16 | 2(3) | 1750 | റൂം നമ്പർ 139 (വാടക) | 11613110246 |

| | | | | | |
|---|---|---|---|---|---|
| | | | | | /22-03-17 |
| 11 | 2015-16 | 2(3) | 1600 | റൂം നമ്പർ 140(വാടക) | 11613109381 /01-03-17 |
| 12 | 2015-16 | 2(4) | 2500 | കെ എസ് ഇ ബി ആലത്തിയൂർ | 11613103231 /23-02-17 |
| 13 | 2015-16 | 2(4) | 1250 | മാവേലി സ്റ്റോർ ആലത്തിയൂർ | 11613109451 /03-03-17 |
| | | ആകെ | 16,337 | | |

കുറിപ്പ് : ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല. മാത്രവുമല്ല, ഓഡിറ്റ് റിക്കവറി ഇനത്തിൽ അടവാക്കിയ തുക അതേ ശീർഷകത്തിൽ അടവാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3.1 | 2006-07 | -- | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻബാക്കി ഉൾപ്പെടെ) | : | 4,82,41,506.71 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,74,47,774 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55,754 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 33,97,205 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 34,500 | ഡോ.നഷീദ് പി, മെഡിക്കൽ ഓഫീസർ -അലോപതി |
| 3-3 | | 10,000 | ശ്രീ. ശിവകുമാർ |

| | | | |
|---|---|---|---|
| | | | വി ഇ ഒ |
| 3-5 | | 11,254 | ശ്രീമതി.സിനു.എൻ<br>അസി.എഞ്ചിനീയർ |
| ആകെ | | 55,754 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,40,000 | ശ്രീ. മിനി കെ കെ<br>അസിസ്റ്റന്റ് സെക്രട്ടറി |
| | 6,00,000 | ശ്രീ.ശ്രീനിവാസൻ എം<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 15,000 | ഡോ.നഷീദ് പി.ഒ<br>മെഡിക്കൽ ഓഫീസർ -അലോപതി |
| 3-7 | 30200 | ഡോ.നഷീദ് പി.ഒ<br>മെഡിക്കൽ ഓഫീസർ -അലോപതി |
| 3-8 | 199910 | ഡോ.നഷീദ് പി.ഒ<br>മെഡിക്കൽ ഓഫീസർ -അലോപതി |
| 3-9 | 314506 | ഡോ.നഷീദ് പി.ഒ<br>മെഡിക്കൽ ഓഫീസർ -അലോപതി |
| 3-10 | 1,00,000 | ഡോ.ജലജ എം പി<br>വെറ്ററിനറി സർജൻ |
| 3-11 | 11,80,000 | ശ്രീ.ജയശങ്കർ എ<br>സെക്രട്ടറി |
| 3-12 | 1,00,000 | ഡോ.രാജൻ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-13 | 2,00,000 | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-17 | 186012 | ശ്രീ.ജയശങ്കർ എ<br>സെക്രട്ടറി |
| ആകെ | 30,65,628 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം:
ഖണ്ഡിക 3.16
19,919 രൂപ – ആദായ നികുതി
79690 രൂപ - വാണിജ്യ നികുതി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.നഷീദ് പി.ഒ<br>മെഡിക്കൽ ഓഫീസർ<br>-അലോപ്പതി | രാജി വെച്ചു | ഷമീം ഭവൻ,<br>തിരൂരങ്ങാടി (പി.ഒ)<br>മലപ്പുറം |
| ശ്രീ. ശിവകുമാർ<br>വി ഇ ഒ | വി ഇ ഒ തൃപ്രങ്ങോട് ഗ്രാ.പ. | ലക്ഷ്മി നിവാസ്, എൻ.പി.<br>സ്ട്രീറ്റ്, അമരവിള,<br>തിരുവനന്തപുരം |
| ശ്രീമതി.സിനു.എൻ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ തൃപ്രങ്ങോട്<br>ഗ്രാ.പ. | പുതിയ പറമ്പിൽ ഹൗസ്,<br>പുറത്തൂർ (പി.ഒ), മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.എം.7/326 തീയതി: 05.01.91 | 1 |
| 1985-86 | എൽ.എഫ്.എം.7/1204/90 തീയതി: 03.04.91 | 3 |
| 1986-87,<br>1987-88 | എൽ.എഫ്.എം.7/341/92 തീയതി: 30.07.92 | 2 |
| 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 |
| 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 |
| 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 |
| 2000-2001 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 |
| 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 |
| 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 |
| 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 |
| 2004-05 | എൽ.എഫ്.എം.14/591/09 തീയതി: 5.10.10 | 22 |
| 2005-06 | എൽ.എഫ്.എം.11/881/10 തീയതി: 22.05.12 | 16 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.എം.11/882/10 തീയതി: 22.05.12 | 10 |
| 2007-08 | എൽ.എഫ്.എം.17/507/11 തീയതി: 20.5.11 | 13 |
| 2008-09 | എൽ.എഫ്.എം.17/508/11 തീയതി: 25.5.11 | 14 |
| 2009-10, 2010-11 | എൽ.എഫ്.എം.17/1212/13 തീയതി: 17.7.13 | 12 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/72/2016 തീയതി: 24.11.2016 | 13 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.17/2040/16 തീയതി: 04-08-16 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം..17/21/2017 തീയതി: 17-02-17 | 22 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.17/2037/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 25-10-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

## അനുബന്ധം -2

# AUDIT CERTIFICATE

No.KSA/MPM.17/2037/2017

Kerala State Audit Department
District office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 25-10-2017

Certified that I have audited the Annual Financial Statement of Tripringode Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Tripringode Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department
District Audit Office, Malappuram